"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ഗ്രാമ വികസന വകുപ്പിനു കീഴിലുള്ള ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെ പുനർ വിന്യാസവും ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിന്റെ പുനഃക്രമീകരണവും സംബന്ധിച്ച പ്രൊപ്പോസല് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**G.O.(Ms) No.198/2020/LSGD** തീയതി,തിരുവനന്തപുരം, 23/12/2020

---

പരാമർശം:- 1 സ.ഉ.(കൈ) നം.33/99/RDD തീയതി 18/09/1999.

2 05/06/2006-ലെ സ.ഉ.(കൈ) നം.132/2006/ത.സ്വ.ഭ.വ.

3 സ.ഉ.(സാധാ) നം.1093/2018/തസ്വഭവ തീയതി 17.04.2018

4 സ.ഉ.(സാധാ) നം.2634/2018/തസ്വഭവ തീയതി 14.10.2018

5 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക നമ്പർ 208.

6 27.11.2019-ൽ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെയും ബഹു.ധനകാര്യ വകുപ്പ മന്ത്രിയുടെയും നേതൃത്വത്തിൽ നടന്ന യോഗത്തിലെ തീരുമാനം.

7 ഗ്രാമവികസന കമ്മീഷണറുടെ 08.11.2019, 13.01.2020 എന്നീ തീയതികളിലെ 13005/D.P.1/19/CRD നമ്പർ കത്തുകൾ

8 സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ഡയറക്ടറുടെ 10.03.2020- ലെ DES/1052/2020-EA(1) നമ്പർ കത്ത്.

9 പുനർവിന്യാസം സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ.

**ഉത്തരവ്**

പരാമർശം (3) പ്രകാരം, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെയും പെർഫോർമൻസ് ആഡിറ്റ് വിഭാഗത്തിലെയും ജീവനക്കാരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പരാമർശം (1) പ്രകാരം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങൾ നിർത്തലാക്കിക്കൊണ്ടും ആയത് ജില്ലാ പഞ്ചായത്തിനോട് ലയിപ്പിച്ചും ഉത്തരവായിരുന്നു. ടി ഉത്തരവിൽ ജില്ലാ പഞ്ചായത്തുകളിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം രൂപീകരിക്കാനും ജീവനക്കാരെ പ്രസ്തുത വിഭാഗത്തിൽ നിയമിക്കാനും നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലും പരാമർശം (6) പ്രകാരമുള്ള യോഗതീരുമാനം അനുസരിച്ചും ഗ്രാമവികസന കമ്മീഷണർ പരാമർശം (9) പ്രകാരം പുനർവിന്യാസ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ വികസന വകുപ്പിനു കീഴിലുള്ള ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെ പുനർ വിന്യാസവും ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിന്റെ പുനഃക്രമീകരണവും

സംബന്ധിച്ച പ്രൊപ്പോസൽ താഴെ പറയും പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) 281 ഉദ്യോഗസ്ഥരാണ് ഇപ്പോൾ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിൽ ജോലി ചെയ്യുന്നത്. പരാമർശം (2) പ്രകാരം ഡി.ആർ.ഡി.എ.-കൾ നിർത്തലാക്കുകയും ഡി.ആർ.ഡി.എ.-കളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ ജില്ലാ പഞ്ചായത്തുകളിൽ ഒരു ദാരിദ്ര്യ ലഘൂകരണ വിഭാഗം രൂപീകരിച്ച് കൊണ്ട് വിന്യസിക്കുകയും ചെയ്തിരുന്നു. ഇവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നത് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് എന്ന സ്കീമിൽ നിന്നാണ്. നിലവിൽ ഒരു വർഷം ഏകദേശം 5.5 കോടി രൂപയാണ് ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റായി ലഭിക്കുന്നത്. ജില്ലാ പഞ്ചായത്തിൽ ലയിപ്പിച്ച ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങൾ ഇപ്പോൾ ചെയ്യുന്ന ജോലികൾ ഇവയാണ്.

1. ജില്ലാ പഞ്ചായത്തിന്റെ ദാരിദ്ര്യ ലഘൂകരണ പദ്ധതികളുടെ നിർവഹണം.
2. ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ ജില്ലാതല മോണിറ്ററിംഗ് ആന്റ് റിവ്യൂ
3. ലൈഫ് പദ്ധതിയുടെ ജില്ലാതല കമ്മിറ്റിയുടെ കൺവീനർ.
4. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാരുടെ നിയമനാധികാരിയാണ് ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിന്റെ പ്രോജക്ട് ഡയറക്ടർ .
5. DISHA- ജില്ലാതല കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റികളുടെ നടത്തിപ്പ്, കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കൽ.
6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർവ്വഹണം നടത്തുന്ന RIDF പദ്ധതികളുടെ ജില്ലാതല നോഡൽ ഓഫീസ്.
7. ബയോഗ്യാസ് സ്കീം നിർവഹണത്തിന്റെ ജില്ലാതല ചുമതല.
8. റർബൻ (RURBAN) സ്കീമിന്റെ ജില്ലാതല ചുമതല.
9. PMKSY സ്കീം ജില്ലാതല ചുമതല.
10. നാല്ല ജില്ലകളിൽ MGNREGS- ന്റെ ജില്ലാതല ചുമതല ( കോട്ടയം, എറണാകുളം, പത്തനംതിട്ട, കാസർഗോഡ്)

4) നിലവിലെ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിക്കൊണ്ടും പദ്ധതികളുടെ നടത്തിപ്പ ചുമതല ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ഒരു യൂണിറ്റിനെ (ദാരിദ്ര്യ ലഘൂകരണ വിഭാഗം-PAU) ഏല്പിച്ചുകൊണ്ടും 20 പേരടങ്ങുന്ന നിലവിലെ PAU- കളിൽ നിന്ന് ചുവടെ ചേർത്തിരിക്കുന്ന 7 ഉദ്യോഗസ്ഥരെ അതാതു ജില്ലാ പഞ്ചായത്തുകളുടെ കീഴിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗമായി നിലനിർത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | ഹെഡ് ക്ലാർക്ക് | 1 | 27800-59400 |
| 2 | ക്ലാർക്ക് | 2 | 19000-43600 |
| 3 | ടൈപ്പിസ്റ്റ് | 1 | 19000-43600 |
| 4 | ഓഫീസ് അറ്റന്റന്റ് | 1 | 17000-37500 |
| 5 | ഡ്രൈവർ | 1 | 18000-41500 |
| 6 | പി.റ്റി.എസ്. | 1 | 9340-14800 |

5) ബാക്കി വരുന്ന ഉദ്യോഗസ്ഥരെ ഈ ഉത്തരവിന്റെ അനുബന്ധം പ്രകാരം വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ പുനർവിന്യസിക്കുന്നു. ഇപ്രകാരം പുനർവിന്യസിക്കപ്പെടുന്ന ഉദ്യോഗസ്ഥർ ഗ്രാമവികസന വകുപ്പിലെ Cadre Strength-ൽ വരുന്നവർ ആയതിനാൽ ഇവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും അറ്റന്റൻസ് സർട്ടിഫിക്കറ്റ് പ്രകാരം 2515-00-001-50-00 എന്ന Head of account-ൽ നിന്നു മാറി നല്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തുന്നു. DRDA Administration Cost-ന്റെ കേന്ദ്ര വിഹിതം ജില്ലാ പഞ്ചായത്തിനു കീഴിൽ നിലനിർത്തുവാനുദ്ദേശിക്കുന്ന പ്രസ്തുത യൂണിറ്റുകൾക്കു വേണ്ടി Claim ചെയ്യുവാനും അനുമതി നല്കുന്നു.

- പി.എ.യു.-കളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് നിലവിലുള്ള ചട്ടങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി പി . എ.യു.-വിൽത്തന്നെ തുടരാവുന്നതാണ്.

- ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തിക ജില്ലാ പഞ്ചായത്തിന് കൈമാറുന്നു. ഉദ്യോഗസ്ഥരുടെ ശമ്പളം മാതൃ വകുപ്പിൽ നിന്നും നല്കുവാൻ അനുമതി നല്കുന്നു.

- പ്രോജക്ട് ഡയറക്ടർമാർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ ആവശ്യമില്ലാത്തതിനാൽ ടി തസ്തിക നിർത്തലാക്കുന്നു.

6) പരാമർശം (3),(4) ഉത്തരവുകൾ പ്രകാരം, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ അസിസ്റ്റൻറ് പ്രോജക്റ്റ് ഓഫീസർ (പി.&എം.)-മാർക്ക് ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർമാരുടെ ചുമതല നൽകുകയും അവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ശുചിത്വ മിഷനിൽ നിന്ന് അനുവദിക്കുവാനും ഉത്തരവായിട്ടുള്ളതാണ്. അതിനാൽ അസിസ്റ്റൻറ് പ്രോജക്റ്റ് ഓഫീസർ (പി.&എം.)-നെ ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ ആയി നിയമിച്ചുകൊണ്ടും അവരുടെ CR എഴുതുന്നതുൾപ്പെടെയുള്ള എല്ലാ നിയന്ത്രണങ്ങളും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നല്കിക്കൊണ്ടും ഉത്തരവാകുന്നു.

7) ഗ്രാമ വികസന വകുപ്പിനു കീഴിലുള്ള ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെ പുനർ വിന്യാസവും ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിന്റെ പുനഃക്രമീകരണവും സംബന്ധിച്ച ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കുവാൻ ഗ്രാമ വികസന കമ്മീഷണറെ ചുമതലപ്പെടുത്തുന്നു. ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരുടെ പുനർവിന്യാസം സംബന്ധിച്ച് പിന്നീട് ഉത്തരവാകുന്നതാണ്. അതു വരെ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ പ്രോജക്റ്റ് ഡയറക്ടർ മാർക്ക് PAU യിൽ തന്നെ തുടരാവുന്നതും അവരെക്കൂടി ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ഉദ്യോഗസ്ഥരായി ഉൾപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

U V JOSE IAS

ADDITIONAL SECRETARY

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രോജക്റ്റ് ഡയറക്ടർ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം (ഗ്രാമ വികസന കമ്മീഷണർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (E&RSA/G&SSA), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (03.07.2020-ലെ DEV-2/34/2019-Fin പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ബഹു. ധനകാര്യ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.